ഉത്തരം

(എ) കേരളത്തിലെ അന്ധരായ വിദ്യാർത്ഥികൾക്ക് സെക്കണ്ടറി വിദ്യാഭ്യാസം കിട്ടുവാനുള്ള സൗകര്യം നിലവിലുണ്ട്.

ബധിരരായ വിദ്യാർത്ഥികൾക്ക് ഏഴാം തരത്തിനുമേൽ വിദ്യാഭ്യാസ സൗകര്യം ഇല്ല.

(ബി, സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) ശദ്ധയിൽ പെട്ടിട്ടില്ല.

പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ താൽക്കാലിക നിയമനം

113 [156] ശ്രീ. ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസർക്കാർ പരീക്ഷാകമ്മീഷണരുടെ ഓഫീസിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരെ താൽക്കാലികമായി നിയമിക്കുന്നത് ടൈം സ്കെയിലിലാണോ അതോ ദിവസശമ്പളത്തിലാണോ;

(ബി) ദിവസശമ്പളത്തിലാണെങ്കിൽ ദിവസം എത്ര രൂപ ക്രമത്തിലാണ് ഇവർക്ക് നൽകിവരുന്നത്;

(സി) ഇവരിൽ പലരും പ്രായപരിധി കഴിയാറായവരും വർഷങ്ങളായി 80 ദിവസം വീതം ഇടവിട്ടിടവിട്ട് തുച്ഛ ശമ്പളത്തിന് ഇതേ ജോലിയിൽ തുടരുന്നവരുമാണെന്നുള്ള വസ്തുത പരിഗണിച്ച് ഇവരെ പ്രായപരിധിയിൽ വേണ്ട ഇളവനുവദിച്ച് ടൈം സ്കെയിലിൽ സ്ഥിരമായി നിയമിക്കാൻ വേണ്ട നടപടി എടുക്കുമോ;

(ഡി) ഇത്തരത്തിൽ ദിവസശമ്പളത്തിൽ പരീക്ഷാകമ്മീഷണരുടെ ഓഫീസിൽ എത്ര വികലാംഗർ ജോലി നോക്കുന്നുണ്ട്;

(ഇ) ഇപ്പോഴത്തെ ഈ ജോലിയിൽ തുടരുന്ന വികലാംഗരെ ഇവർ വികലാംഗരാണെന്നുള്ള പരിഗണനയിൽ സ്ഥിരപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) വിവിധ പരീക്ഷകളുമായി ബന്ധപ്പെട്ട ചില ജോലിക്ക് പ്രതിദിനം എട്ടുരൂപ നിരക്കിൽ ക്ലാർക്കുമാരെ നിയമിക്കുന്നുണ്ട്.

(സി) ദിവസശമ്പളത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ ചെയ്യേണ്ട ജോലികൾക്ക് ആഫീസിൽ പ്രത്യേകം തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതുമൂലം ഇവരെ സ്ഥിരപ്പെടുത്തുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ഡി) 36.

(ഇ) ഇവരെ പ്രത്യേകം അനുവദിച്ച തസ്തികകളിൽ നിയമിക്കാത്തതുകൊണ്ട് സ്ഥിരപ്പെടുത്തുന്ന പ്രശ്നം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly